(ഇ) ഈ വർഷം ജില്ലാ മെഡിക്കൽ ഓഫീസർ, ദേവസ്വം ബോർഡ്, പഞ്ചായത്ത് വകുപ്പ് എന്നിവരുടെ സംയുക്തയോഗംകൂടി ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവരെ നിയമിച്ചു. ദിവസേന കിണറുകൾ ബ്ലീച്ചിംഗ് പൗഡർ ഉപയോഗിച്ച് അണുനശീകരണം ചെയ്യുന്നുണ്ട്. എല്ലാ സജ്ജീകരണങ്ങളോടും കൂടിയ മൊബൈൽ യൂണിറ്റ് സ്ഥലത്ത് ക്യാമ്പ് ചെയ്യുന്നുണ്ട്.

(എഫ്) കൊട്ടിയൂർ, കേളകം പഞ്ചായത്തുകളിൽ ഇപ്പോൾ പടർന്നു പിടിച്ചിരിക്കുന്ന പനി നിയന്ത്രിക്കുന്നതിന് താഴെപ്പറയുന്ന കാര്യങ്ങൾ അടിയന്തിരമായി നടത്തുവാൻ നടപടികൾ ആരംഭിച്ചു. ജൂൺ മാസത്തിൽ ഇതുവരെ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ ഉൾപ്പെടുത്തിയ 5 മെഡിക്കൽ ക്യാമ്പുകൾ നടത്തി. മൊബൈൽ യൂണിറ്റ് എല്ലായിടത്തും എത്തി പനിയുള്ളവരെ പരിശോധിക്കുന്നുണ്ട്. കൊട്ടിയൂർ കേളകം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ അധികമായി ഡോക്ടർമാരെ താൽക്കാലികമായി നിയമിച്ചിട്ടുണ്ട്. വൈകുന്നേരം 5 മണി വരെ ഒ.പി. പരിശോധനയുണ്ട്. കൂടാതെ ഫീൽഡ് സ്റ്റാഫ്, മറ്റ് പാരാമെഡിക്കൽ സ്റ്റാഫ് എന്നിവരെ നിയമിച്ചിട്ടുണ്ട്. പേരാവൂർ ആശുപത്രിയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന 20 ബെഡ്ഡുള്ള ഐ.പി. സജ്ജമാക്കിയിട്ടുണ്ട്. കൊതുക് നശീകരണത്തിനായി പഞ്ചായത്തുമായി സഹകരിച്ച് ഫോഗിംഗ് നടത്തിവരുന്നു. മറ്റ് പ്രതിരോധ പ്രവർത്തനങ്ങളും ഊർജ്ജിതമായി നടത്തിവരുന്നു.

പോസ്റ്റ്മോർട്ടം സമയത്തിലെ ഭേദഗതി

137 (1606) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ ആശുപത്രികളിലെ നിലവിലുള്ള പോസ്റ്റുമോർട്ട സമയം വെളിപ്പെടുത്തുമോ ;

(ബി) പോസ്റ്റുമോർട്ട സമയം 9 മണിമുതൽ വൈകിട്ട് 5 മണിവരെ നിജപ്പെടുത്തി ഭേദഗതി ചെയ്യാൻ തയ്യാറാകുമോ ?

ഉത്തരം

(എ) രാവിലെ 7 മണി മുതൽ വൈകുന്നേരം 5 മണിവരെയാണ് പോസ്റ്റുമാർട്ടം സമയം.

(ബി) ഇപ്പോൾ നിലവിലുള്ള സമയം ഭേദഗതി ചെയ്യേണ്ട ആവശ്യമുണ്ടെന്ന് ബോദ്ധ്യപ്പെട്ടിട്ടില്ല.

സ്പെഷ്യാലിറ്റി കേഡർ ഏർപ്പെടുത്തുന്നതിന് നടപടി

138 (1607) ശ്രീ. എ. എൻ. രാജൻബാബു :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. കെ. കെ. ഷാജു :
ശ്രീ. ഷിബു ബേബിജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യവകുപ്പിൽ നൂറു കിടക്കകളിൽ കൂടുതലുള്ള ആശുപത്രികളിൽ "സ്പെഷ്യാലിറ്റി കേഡർ" ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ആയത് നടപ്പിലാക്കുന്നതിനുള്ള തുടർ നടപടികൾ ഏത് ഘട്ടംവരെയായി എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആരോഗ്യവകുപ്പിലെ നൂറു കിടക്കകളിൽ കൂടുതലുള്ള ആശുപത്രികളിലും എഫ്.ഡബ്ല്യൂ.ഡി. പ്രകാരം ഉത്തരവായി. ഈ ഉത്തരവ് പൂർണ്ണമായി നടപ്പിലാക്കുന്നതിനു വേണ്ടി വരുന്ന ഡോക്ടർമാരുടെ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടി എടുത്തുവരുന്നു.

പുതിയ മെഡിക്കൽ കോളേജുകൾ

139 (1608) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നബാർഡിന്റെ സഹായത്തോടെ പ്രൈമറി ഹെൽത്ത് സെന്ററുകളുടെ നവീകരണത്തിന് ഏതെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, ആയത് സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഏത് വർഷം മുതലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്നും ഇതിന് ലഭ്യമാകുന്ന സഹായം എന്താണെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉദ്ദേശിക്കുന്നുണ്ട്.

(ബി) നബാർഡിന്റെ സഹായത്തോടെ പ്രൈമറി ഹെൽത്ത് സെന്ററുകളുടെ നവീകരണത്തിനായി ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. ഗ്രാമീണാരോഗ്യ കേന്ദ്രങ്ങൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനുമുള്ള പദ്ധതിയായിട്ടാണിത് നടപ്പിലാക്കുന്നത്.

(സി) 2003-2004 വർഷം മുതൽ നബാർഡിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് നടപ്പാക്കാമെന്നാണ് കരുതുന്നത്. 49 കോടി ഉറുപ്പികയുടെ പ്രൊപ്പോസലുകൾ സമർപ്പിച്ചു കഴിഞ്ഞിട്ടുണ്ട്. 70 കോടി ഉറുപ്പികയുടെ പ്രോജക്ടുകൾ തയ്യാറാക്കാൻ നടപടി എടുത്തു വരുന്നുണ്ട്. നബാർഡിന്റെ അനുമതി ലഭിച്ചാലേ സഹായം എത്രയാണെന്ന് വ്യക്തമാക്കാനാകുകയുള്ളൂ.

പുതിയ മെഡിക്കൽ കോളേജുകൾ

140 (1609) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ പുതുതായി എത്ര മെഡിക്കൽ കോളേജുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly